## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6252** **10-07-2024 - ൽ മറുപടിയ്ക്ക്**

## കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനത്തിനായി നടന്നുവരുന്ന ഒന്നാംഘട്ട പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം നടത്തേണ്ട പ്രവർത്തനങ്ങൾ എത്ര ഘട്ടമായിട്ടാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന വിവരം അറിയിക്കുമോ; | (എ) | ഒറ്റ ഘട്ടമായിട്ടാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്.<br><br>കോട്ടൂർ ആന പുനഃരധിവാസകേന്ദ്രത്തിന്റെ നവീകരണത്തിന് കേരള ഗവൺമെന്റ് 105 കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിരുന്നത്. ഇത് കിഫ്ബിയിൽ സമർപ്പിച്ചപ്പോൾ 2019 ൽ ഫണ്ട് അനുവദിച്ച സമയം രണ്ടു ഘട്ടമായി തിരിച്ച് ഒന്നാം ഘട്ടത്തിന് 72.09 കോടി രൂപ അനുവദിച്ചു. ഈ ഫണ്ട് പുനഃക്രമീകരിച്ച് ഇപ്പോൾ 82.38 കോടി രൂപയായി. പഞ്ചായത്ത് റോഡ് (5.6 കോടി രൂപ) പദ്ധതിയിൽ ആദ്യം ഉൾപ്പെടുത്തിയിരുന്നില്ല. ഒന്നാം ഘട്ടത്തിലെ നീക്കിയിരുപ്പ് ഉപയോഗിച്ച് റോഡ് പണി പൂർത്തിയായി വരുന്നു. അതുപോലെ രണ്ടാം ഘട്ടത്തിൽപ്പെട്ട ബൌണ്ടറി ഫെൻസിംഗ്, കൈവരികൾ, ചെക്ക്ഡാമിനു പകരമായ റോഡ്, മ്യൂസിയം എക്സിബിറ്റുകൾ എന്നിവയും ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ചെയ്തു കഴിഞ്ഞു. പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യാവുന്ന ഘട്ടത്തിലേക്ക് ഒന്നാം ഘട്ടം പൂർത്തിയാകുമ്പോൾ തന്നെ എത്തിച്ചേരും. ശേഷിക്കുന്ന പ്രവർത്തികൾ ഒറ്റ ഘട്ടമായിത്തന്നെ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | തുടർന്നുള്ള ഓരോ ഘട്ടത്തിലും നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുകയും സംബന്ധിച്ച വിവരങ്ങൾ നൽകുമോ? | (ബി) | ഒന്നാം ഘട്ടത്തിനു ശേഷം ഒരു ഘട്ടം കൂടിയാണ് വിവക്ഷിച്ചിട്ടുള്ളത്. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജോലികളും തുകയും അനുബന്ധമായി ചേർക്കുന്നു.<br><br>ഈ ജോലികളിൽപ്പെട്ട രണ്ടാമത്തെ ഇനമായ ബൌണ്ടറി ഫെൻസിംഗ്, മൂന്നാമത്തെ ഇനമായ കൈവരികൾ എന്നിവ ഒന്നാം ഘട്ടത്തിൽ തന്നെ പൂർത്തിയായിട്ടുണ്ട്. ആറാം ഇനമായ ചെക്ക് ഡാമിനു പകരം റിസർവോയറിൽക്കൂടി മണ്ണുറോഡ് നിർമ്മിച്ചുവഴി ചെക്ക് ഡാമിന്റെ ആവശ്യം |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്നില്ല. എട്ടാം ഇനമായ മ്യൂസിയം എക്സിബിറ്റുകൾ ഒന്നാം ഘട്ടത്തിലെ നീക്കിയിരുപ്പ് കൊണ്ടു ചെയ്യാൻ ചെയ്യാൻ തീരുമാനിച്ചു . രണ്ടാം ഘട്ടത്തിൽ ആവശ്യമായി വരുന്നത് അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിലെ 1, 4, 5, 7 എന്നീ ഇനങ്ങളായ ആന എൻക്ലോഷർ ഫെൻസിങ് , ആന കൊട്ടിലുകൾ , ക്രാളുകൾ , ക്രിമിറ്റോറിയം , ഉപകരണങ്ങൾ എന്നിവ മാത്രമാണ്. ഇതിനായി 19,88,73,121.50 രൂപ ആവശ്യമാണ്. ഈ ജോലികൾ ഒറ്റ ഘട്ടമായി തീർക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | പ്രവൃത്തി | തുക (രൂപയിൽ) |
|---|---|---|
| 1 | ആന എൻക്ലോഷർ ഫെൻസിംഗ് | 5,38,45,902.00 |
| 2 | ബൗണ്ടറി ഫെൻസിംഗ് | 7,84,06,748.50 |
| 3 | കൈവരികൾ | 1,11,23,569.00 |
| 4 | ആനക്കൊട്ടിലുകൾ | 1,72,81,901.00 |
| 5 | ക്രാളുകൾ | 4,04,88,570.00 |
| 6 | ചെക്ക് ഡാം (റിസർവോയറിൽ) | 9,67,02,169.00 |
| 7 | ക്രിമറ്റോറിയം, ഉപകരണങ്ങൾ | 88,50,000.00 |
| 8 | മ്യൂസിയം എക്സിബിറ്റുകൾ | 1,50,00,000.00 |
| | **ആകെ** | **32,16,98,859.50** |